# കില വാർത്താ പത്രിക

2025 ഒക്ടോബർ

www.kila.ac.in KERALA INSTITUTE OF LOCAL ADMINISTRATION Volume 1, Issue 12 For Private Circulation Only



അരങ്ങു തകർത്ത് സെക്രട്ടറിമാർ ..........................2
കാര്യശേഷി വികസന പരിശീലനം നടന്നു.................3
ജനപ്രതിനിധികൾക്ക് പരിശീലനം..........................4
പഞ്ചായത്ത് കാലാവസ്ഥാ മോക്ക് പാർലമെന്റ് .......5
എൽജിബിറ്റിക്യുഐഎ+ സൗഹൃദ തദ്ദേശ ഭരണം ....6
ഒരു പഞ്ചായത്തിനു ഒരു ആശയം..........................7
കില ആർക്കൈവ്...............................................8


# തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാരുടെ പരിശീലനം മന്ത്രി : എം .ബി . രാജേഷ് ഉദ്ഘാടനം ചെയ്തു

പുതിയതായി നിയമിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെ ആദ്യ ബാച്ചിന്റെ പരിശീലനോദ്ഘാടനം തദ്ദേശ സ്വയംഭരണ -എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവ്വഹിച്ചു.

കില ആസ്ഥാനത്ത് നടന്ന ഉദ്ഘാടന ചടങ്ങിൽ വടക്കാഞ്ചേരി എംഎൽഎ സേവ്യർ ചിറ്റിലപ്പള്ളി അദ്ധ്യക്ഷനായി. നിലവിലുള്ള നിയമങ്ങളും സർവ്വീസ് ചട്ടങ്ങളും ജനപക്ഷത്തു നിന്ന് നടപ്പിലാക്കാൻ ആവശ്യമായ അനുഭവജ്ഞാനം ആർജ്ജിക്കണമെന്ന് ഉദ്ഘാടന വേളയിൽ മന്ത്രി പറഞ്ഞു.



പുതിയതായി നിയമിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെ ആദ്യ ബാച്ചിന്റെ പരിശീലനോൽഘാടനം തദേശ ഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ് നിർവഹിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിനെ സംബന്ധിച്ച് ഒരു വഴിത്തിരിവിന്റെ ഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖച്ഛായ മാറ്റുന്ന പ്രവർത്തന സംസ്കാരത്തിലേക്കുള്ള ചുവടുമാറ്റത്തിന്റെ പതാക വാഹകരാവാൻ പുതിയതായി നിയമിക്കപ്പെടുന്നവർക്ക് സാധിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. അതിനായി ഏറ്റവും നീതിയുക്തവും സുതാര്യവുമായ രീതിയിൽ ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലുണ്ടായ ഊർജ്ജസ്വലമായ മാറ്റത്തെ ത്വരിതപ്പെടുത്താനുള്ള സംഭാവനകൾ നൽകാനാവണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ആദ്യമായാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ സെക്രട്ടറി തലത്തിലേക്ക് പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കേവലം സ്ഥാപനങ്ങളായല്ല, മറിച്ച് പ്രാദേശിക സർക്കാരുകൾ എന്ന നിലയിലാണ് വീക്ഷിക്കുന്നത്. ആ നിലയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ അധികാരവും ഫണ്ടും അനുവദിയ്ക്കുന്ന ഫെസിലിറ്റേറ്റർ എന്ന നിലയ്ക്കാണ് സർക്കാരിന്റെ പ്രവർത്തനം. ജനകീയ ആവശ്യങ്ങളുടെയും- ജീവിതത്തിന്റെയും സുതാര്യവും സുഗമവുമായ നടത്തിപ്പിനാണ് സർക്കാർ മുൻഗണന നൽകുന്നത്. അത്തരത്തിൽ പ്രാധാന്യത്തിലെടുത്ത് വിജയകരമായി നടപ്പാക്കുന്ന പദ്ധതിയാണ് മാലിന്യ നിർമ്മാർജ്ജനം. കൂടാതെ അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിന്റെ അടുത്തെത്തിക്കഴിഞ്ഞു.

ഭാവിയിലെ പ്രവർത്തനമെന്ന നിലയിൽ നോക്കിക്കാണുന്നത് പ്രാദേശിക സാമ്പത്തിക വികസനമാണ്. തദ്ദേശ സ്ഥാപനങ്ങൾ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ചുക്കാൻ പിടിയ്ക്കുന്നവരായി മാറുകയും കൂടുതൽ തൊഴിലവസരങ്ങളും സംരംഭങ്ങളും സൃഷ്ടിക്കുകയും വേണം.

ജനകീയ ആവശ്യങ്ങളുടെ സുഗമമായ നടത്തിപ്പ് ലക്ഷ്യമിട്ടാണ് ചട്ടങ്ങളുൾപ്പെടെ ഭേദഗതി വരുത്തിയുള്ള നീക്കങ്ങൾ നടത്തിയത്. അതിന്റെ ഫലമായി നടത്തിയ ലൈസൻസ് ചട്ട ഭേദഗതിയ്ക്കു പുറമെ കെട്ടിട നിർമ്മാണ ചട്ട ഭേദഗതിയും അന്തിമഘട്ടത്തിൽ എത്തിയിട്ടുണ്ട്.

സ്പെഷ്യൽ പോർട്ടൽ വഴി സെക്രട്ടറിമാരുടെ അറ്റൻഡൻസ് രേഖപ്പെടുത്തുകയും ദിവസേനയുള്ള ട്രെയിനിങ് ഫോട്ടോസ് അടങ്ങിയിട്ടുള്ള അപ്ഡേഷനുകൾ ആദ്യമായി കിലയിൽ കൊണ്ട് വരുന്നതും ഈ പരിശീലനത്തിലൂടെയായിരുന്നു. രണ്ടു ബാച്ചുകളിലായി 114 സെക്രട്ടറിമാരാണ് പുതിയതായി പരിശീലനാർത്ഥികളായത്. മൂന്നു മാസത്തെ പരിശീലനമാണ് സെക്രട്ടറിമാർക്കായി കിലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിയ്ക്കുക. ഇതിന്റെ ആദ്യഘട്ട പരിശീലനം ഒക്റ്റോബർ 11 വരെ നടന്നു. തദ്ദേശ ഭരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിലായിരുന്നു പരിശീലനം. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് മുഖ്യാതിഥിയായി.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ ഐഎഎസ് സ്വാഗതം പറഞ്ഞു. സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ ഐഎഎസ് ആമുഖാവതരണം നടത്തി. പ്രിൻസിപ്പൽ ഡയറക്റ്റർ ജെറോമിക് ജോർജ്ജ് ഐഎഎസ്, വകുപ്പ് റൂറൽ സെക്രട്ടറി അപൂർവ്വത്രിപാഠി ഐഎഎസ്, ചീഫ് എഞ്ചിനീയർ സന്ദീപ് കെ.ജി, ചീഫ് ടൗൺ പ്ലാനർ ഷിജി ചന്ദ്രൻ തുടങ്ങിയവർ ആശംസങ്ങൾ അർപ്പിച്ചു. കില ഡയറക്റ്റർ ജനറൽ എ. നിസാമുദ്ദീൻ ഐഎഎസ് നന്ദിയും പറഞ്ഞു.




സെക്രട്ടറിമാർക്കുള്ള പോർട്ടലിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് നിർവ്വഹിക്കുന്നു.



# ആശംസകളേറ്റു വാങ്ങി സമാപന ചടങ്ങ്



*സെക്രട്ടറിമാരുടെ പരിശീലന സമാപന ചടങ്ങിൽ കില ഡയറക്ടർ ജനറൽ എ. നിസാമുദ്ധീൻ ഐ എ എസ് സംസാരിക്കുന്നു.*

കില ആസ്ഥാനത്ത് നടന്ന സെക്രട്ടറിമാരുടെ പരിശീലന സമാപന ചടങ്ങിനെ തദ്ദേശ സ്വയംഭരണവകുപ്പ്സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ ഐഎഎസ് അഭിസംബോധന ചെയ്തു. പുതിയതായി നിയമനം ലഭിച്ച സെക്രട്ടറിമാർക്ക് ആശംസകളും നൽകി. ഒരാഴ്ചയിലധികം നീണ്ട പരിശീലന പരിപാടികൾക്കാണ് ഇതോടെ സമാപനം കുറിച്ചത്. ആദ്യമായാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാരുടെ തസ്തികയിൽ പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുന്നത്. ഇവർക്കു നൽകാനുള്ള പരിശീലനത്തിന്റെ ചുമതല കിലയ്ക്കാണ്. ആദ്യ ബാച്ചിന്റെ പരിശീലനമാണ് ഇത്തവണ നടത്തിയത്.

ഒരു സ്പെഷ്യൽ പോർട്ടൽ വഴി പരിശീലനാർത്ഥികളുടെ അറ്റൻഡൻസ് രേഖപ്പെടുത്താനും, ദിവസേനയുള്ള പരിശീലന സമയ ചിത്രങ്ങൾ അപ്ഡേറ്റ് ചെയ്യാനുമുള്ള സംവിധാനവും ഇതോടനുബന്ധിച്ച് കില വിജയകരമായിപൂർത്തിയാക്കി. തുടർന്നും ഈ സംവിധാനം മറ്റ് പരിശീലന പരിപാടികൾക്കു വേണ്ടിയും നടപ്പാക്കുമെന്ന് കില സിസ്റ്റം അഡ്മിനിസ്ട്രേറ്റർ മിറാഷ് ഒ.എസ്. അറിയിച്ചു.

കിലയിൽ നടന്ന സ്ട്രെസ് മാനേജ്മെന്റ് സെക്ഷനുകളുടെ ആവശ്യകതയും അത് എങ്ങനെ ഉപയോഗപ്രദമാകുമെന്നും അതേ സമയം പദവിയെ പക്വമായി കൈകാര്യം ചെയ്യാമെന്നും കില അർബൻ പ്രൊഫ. അജിത് കാളിയത്ത് സംസാരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

കില രജിസ്ട്രാർ സുമേഷ് കെ.ആർ, അസിസ്റ്റന്റ് ഡയറക്ടർ ഡോ.അമൃത കെ.പി.എൻ, അർബൻ ചെയർ പ്രൊഫ. ഡോ. അജിത് കാളിയത്ത്, സീനിയർ അർബൻ ഫെല്ലോ ഡോ. കെ. രാജേഷ്, അസിസ്റ്റന്റ് പ്രൊഫ. ഡോ. മോനിഷ് ജോസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ടി.വി. അനുപമ ഐഎഎസ് സർട്ടിഫിക്കറ്റുകളുടെ വിതരണം നിർവ്വഹിച്ചു. കില ഡയറക്ടർ ജനറൽ എ.നിസാമുദ്ദീൻ ഐഎഎസ് നന്ദിപ്രകാശിപ്പിച്ചു.

# അരങ്ങു തകർത്ത് സെക്രട്ടറിമാർ




പഠനവും കലയും സർഗ്ഗാത്മകതയുമെല്ലാം മാറ്റുരച്ച വൈവിധ്യങ്ങളുടെ സംഗമമായി പുതിയതായി നിയമിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരുടെ ആദ്യ ബാച്ച് പരിശീലനം. അണിയറയിൽ മാത്രമല്ല അരങ്ങിലും തിളങ്ങി, അക്ഷരാർത്ഥത്തിൽ പരിശീലന കാലം അവർ ആഘോഷമാക്കി. സർക്കാർ ജീവനക്കാർ പൊതുവെ കലയോട് വല്ലാത്ത അടുപ്പമില്ലാത്തവരായിരിക്കുമെന്ന വർഷങ്ങളായുള്ള ധാരണകളെ പൊളിച്ചെഴുതിയാണ് ഈ പരിശീലനം അവസാനിച്ചത്. കില വേദിയൊരുക്കിയതോടെ ആട്ടവും പാട്ടും വിവിധ കലാപ്രകടനങ്ങളുമായിവേദി അവിസ്മരണീയമാക്കി.

ദാദാസാഹിബ്ഫാൽക്കേ അവാർഡ് ജേതാവ് മലയാള സിനിമയുടെ പ്രിയ താരം മോഹൻലാലിന് വേണ്ടിയുള്ള പ്രത്യേക നൃത്തം മുതൽ സോളോ പെർഫോമൻസ്, സംഘ ഗാനം, സംഘ നൃത്തം തുടങ്ങി വൈവിധ്യങ്ങളായിരുന്നു സെക്രട്ടറിമാരുടെ സാംസ്കാരിക പരിപാടിയിൽ അരങ്ങേറിയത്. ചുരുങ്ങിയ സമയം കൊണ്ട് മികച്ച രീതിയിൽ കലാ പരിപാടികൾ അവതരിപ്പിച്ച സെക്രട്ടറിമാരെ കില ഡയറക്റ്റർ ജനറൽ എ. നിസാമുദ്ദീൻ ഐഎഎസ് അഭിനന്ദിച്ചു.

## ട്രെയിനിങ് ഗാലറി




















# എസ്ടി പ്രൊമോട്ടർമാർക്കുള്ള ദ്വിദിന ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു



കിലയിൽ സംഘടിപ്പിച്ച എസ്ടി പ്രൊമോട്ടർമാർക്കുള്ള ദ്വിദിന ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ഉദ്ഘാടനത്തിൽ നിന്ന്.

കിലയിൽ സംഘടിപ്പിച്ച എസ്ടി പ്രൊമോട്ടർമാർക്കുള്ള ദ്വിദിന ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ഉദ്ഘാടനം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു നിർവഹിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷ പരിപാടിയുടെ ഭാഗമായി വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികൾ താഴെത്തട്ടിൽ വരെ എത്തിക്കുക, അടുത്ത ഒരു വർഷം വകുപ്പും സർക്കാരും നടത്തുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്ക് പ്രമോട്ടർമാരുടെ പ്രവർത്തനം മികവുറ്റതാക്കുക എന്നീ ഉദ്ദേശത്തോടുകൂടിയാണ് പ്രൊമോട്ടർമാർക്ക് രണ്ടു ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തിയത്. ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള ഫീൽഡ് പ്രൊമോട്ടർമാരും, 21 ടിഇഒമാരും ആണ് പങ്കെടുത്തത്.

തൊഴിൽ രഹിതരായ യുവജനതയ്ക്ക് തൊഴിൽ നൽകാനുള്ള നടപടികളുടെ പ്രായോഗിക വശങ്ങളെ കുറിച്ച് മുൻ ധനകാര്യകാര്യ മന്ത്രിയും വിജ്ഞാന കേരളം സംസ്ഥാനതല അഡ്വൈസറുമായ ഡോ.ടി.എം.തോമസ് ഐസക് സംസാരിച്ചു.

# കാര്യശേഷി വികസന പരിശീലനം നടന്നു







ഗ്രാമസഭ ഹാളിൽ വെച്ച് നടന്ന കാര്യശേഷി വികസന പരിശീലനത്തിൽ നിന്ന്

കില ISO certified ആയതിന്റെ ഭാഗമായി കില HQ ജീവനക്കാർക്കുള്ള Interpersonal Relationship എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള കാര്യശേഷി വികസന പരിശീലനം ഗ്രാമസഭ ഹാളിൽ വെച്ച് നടന്നു.

കില റിസോഴ്സ് പേഴ്സൺ എച്ച്. കൃഷ്ണ കൈകാര്യം ചെയ്ത ക്ലാസ്സിൽ വ്യക്തിബന്ധങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും ഒരു ആരോഗ്യപരമായ വ്യക്തി ബന്ധങ്ങൾ എങ്ങനെ കെട്ടിപ്പടുക്കണമെന്നും ക്ലാസിൽ ചർച്ച ചെയ്യുകയും ഇതോടനുബന്ധിച്ച് ജീവനക്കാർക്ക് ഇന്റർ ആക്റ്റീവ് സെക്ഷനും എഴുത്ത് പരീക്ഷയും നടത്തി.

ക്ലാസിനെ സംബന്ധിച്ച പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ ഗൂഗിൾ ഫോം വഴി ശേഖരിക്കുകയും ചെയ്തു. കില സീനിയർ ട്രെയിനിങ് കോർഡിനേറ്റർ എ. ഡി. ദീപക് നന്ദി പറഞ്ഞു.

# സ്ത്രീകൾക്കായുള്ള നേതൃത്വ ശേഷി വർദ്ധനവ്: പരിശീലനം തുടങ്ങി



സ്ത്രീകൾക്കായുള്ള നേതൃത്വശേഷി വർദ്ധനവിനുള്ള പരിശീലന പരിപാടിയിൽ നിന്ന്

സ്ത്രീകൾക്കായുള്ള നേതൃത്വ ശേഷി വർദ്ധനവിനുള്ള പരിശീലന പരിപാടിക്ക് കിലയിൽ തുടക്കമായി. മൂന്നുദിവസത്തെ പരിശീലന പരിപാടിയുടെ രണ്ടാം ബാച്ചിനാണ് കില ആസ്ഥാനത്ത് തുടക്കമായത്.

കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ.അമൃത കെ.പി.എൻ. പരിശീലനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

റിസ്മിയ ആർ.ഐ., രോഹിണി മുത്തൂർ, മോയി. വി, സന്തോഷ് കുമാർ കെ.സി, ഡോ. ദിലീപ് കുമാർ, അനിത ബാബുരാജ്, പ്രീതി ഉണ്ണികൃഷ്ണൻ, ഷിഹാബ് ടി.എം., തുടങ്ങിയവർ ക്ലാസുകളെടുത്തു. വ്യക്തിത്വ വികസനം, നേതൃശേഷി വർദ്ധനവ്, സമയ മാനെജ്മെന്റ്, സാങ്കേതിക അറിവ്, പഞ്ചായത്തിരാജ് സംവിധാനങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

# വിജ്ഞാന കേരളം : മാലിന്യ മുക്ത നവ കേരളം, അവലോകനയോഗം

തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷിന്റെ നേതൃത്വത്തിൽ വിജ്ഞാന കേരളം, മാലിന്യ മുക്ത നവകേരളം പദ്ധതികളുടെ അവലോകന യോഗം തൃശ്ശൂരിലെ കില ആസ്ഥാനത്ത് ചേർന്നു.

തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാവണം വിജ്ഞാന കേരളം പദ്ധതി താഴെത്തട്ടിൽ നടപ്പാക്കേണ്ടതെന്ന് ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷന്മാരുടെയും സെക്രട്ടറിമാരുടെയും അവലോകന യോഗത്തിൽ സംസാരിക്കവേ മന്ത്രി പറഞ്ഞു. വിജ്ഞാന കേരളം കൂടുതൽ സജീവമാകാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും ശക്തമായ പിന്തുണവേണമെന്നും അദ്ദേഹം പറഞ്ഞു. വിജ്ഞാന കേരളം സംസ്ഥാന അഡ്വൈസറും മുൻ ധനകാര്യമന്ത്രിയുമായ ഡോ.ടി.എം.തോമസ് ഐസക് ആമുഖമായി സംസാരിച്ചു. കേരളത്തിലെ തൊഴിൽ ശരാശരി കണക്കിലെടുത്താൽ തൊഴിലിടങ്ങളിലെ സ്ത്രീപങ്കാളിത്തം ശരാശരിയിലും താഴെയാണ്. ഈ തൊഴിലില്ലായ്മ പരിഹരിക്കാനായി സ്ത്രീകൾക്ക് തൊഴിലിടങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാനാണ് കുടുംബശ്രീയെ മുൻനിർത്തി വിജ്ഞാന കേരളത്തിലൂടെ ശ്രമിക്കുന്നത്. തുടർന്ന് മാലിന്യ മുക്തം നവകേരളവുമായി ബന്ധപ്പെട്ട വിശകലനവും വിലയിരുത്തലും നടന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ ഐഎഎസ് ഇതുവരെ കേരളത്തിലാകമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ മാലിന്യ മുക്തം നവകേരളം പ്രവർത്തനങ്ങൾ വിലയിരുത്തി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ, കില ഡയറക്ടർ ജനറൽ എ.നിസാമുദ്ദീൻ ഐഎഎസ്, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി.ജോസ് ഐഎഎസ് തുടങ്ങിയവർ സന്നിഹിതരായി.

കോർപ്പറേഷൻ-നഗരസഭാ അധ്യക്ഷരുടെ അവലോകന യോഗത്തിൽ തൃശൂർ കോർപ്പറേഷൻ മേയർ എം.കെ.വർഗ്ഗീസും, വിവിധ കോർപ്പറേഷൻ-മുനിസിപ്പൽ ചെയർമാൻമാരും ഉദ്യോഗസ്ഥരും സംബന്ധിച്ചു.

തുടർന്ന് നടന്ന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും ഉദ്യോഗസ്ഥരുടെയും അവലോകന യോഗത്തിൽ വിവിധ ജില്ലകളിൽ നിന്നുള്ള ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാരും,സെക്രട്ടറിമാരും സംബന്ധിച്ചു.

## സ്ട്രെങ്ത്തനിങ് ഓഫ് പ്രീ എസ്എച്ച്ജി കവർജൻസ് പരിശീലനം പൂർത്തിയായി

കിലയുടെ മണ്ണുത്തി ഗുഡ് ഗവേണൻസ് സെന്ററിന്റെയും എൻഐആർഡിപിആർന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സ്ട്രെങ്ത്തനിങ് ഓഫ് പ്രീ എസ്എച്ച്ജി കവർജൻസ് പരിശീലനം പൂർത്തിയായി.

അഞ്ച് ദിവസത്തെ ഓഫ് ക്യാമ്പസ് പരിശീലനമായിരുന്നു സംഘടിപ്പിച്ചത്. സിജിജി പ്രിൻസിപ്പൽ അയന പി.എൻ, ആർഡി അസി. പ്രൊഫസറും പ്രോഗ്രാം ഡയറക്ടറുമായ ഡോ. എസ്. കെ. സത്യപ്രഭ, കാസർകോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി എസ്. ശ്യാമലക്ഷ്മി, കില ഫാക്കൽറ്റികളായ ഡോ. പീറ്റർ എം. രാജ്, ഡോ. അമൃതരാജ്, കുടുംബശ്രീ സംസ്ഥാന മിഷൻ റിസോഴ്സ് പേഴ്സമാരായ ഡോ. മോനിഷ, സാവിത്രി, രതി, കോഴിക്കോട് ആർജിഎസ്എ പ്രോജക്ട് മാനേജർ വിഷ്ണു എം.എസ്. എന്നിവർ സംസാരിച്ചു. കുടുംബശ്രീ ഉദ്യോഗസ്ഥരായിരുന്നു പരിശീലനാർത്ഥികളായത്.

പരിശീലനത്തിന്റെ ഭാഗമായി വരവൂർ, തെക്കുംകര ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ ഫീൽഡ് വിസിറ്റിന് കോഴ്സ് കോഡിനേറ്റർ ഡോ. കവിത എൻ. രാജ്, ലക്ചറർ വി.പി. റഷീദ് എന്നിവർ നേതൃത്വം നൽകി.

## ജനപ്രതിനിധികൾക്ക് പരിശീലനം : മൊഡ്യൂൾ പുസ്തക അന്തിമഘട്ട ശില്പശാല

പുതിയ ജനപ്രതിനിധികൾക്ക് പരിശീലനം നൽകുന്നതിന് തയ്യാറാക്കിയ മൊഡ്യൂൾ–കൈപ്പുസ്തകം എന്നിവ അന്തിമഘട്ട വിലയിരുത്തൽ ശിൽപശാല കില ആസ്ഥാനത്ത് സംഘടിപ്പിച്ചു.

കില ഡയറക്ടർ ജനറൽ എ. നിസാമുദ്ദീൻ ഐഎഎസ് ശിൽപശാലയിൽ ആമുഖമായി സംസാരിച്ചു.

കില അസിസ്റ്റന്റ് ഡയറക്ടർ–പരിശീലനം ഡോ. അമൃത കെ.പി.എൻ സ്വാഗതം പറഞ്ഞു. ശിൽപശാലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന അധ്യക്ഷന്മാരും ജനപ്രതിനിധികളും വിഷയ വിദഗ്ധന്മാരും പങ്കെടുത്തു.

## വനിതാ ജനപ്രതിനിധി കാര്യശേഷി വികസന പരിശീലനം

സംസ്ഥാന തല റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലക പരിശീലനം കിലയിൽ നടത്തി.

നാലു ദിവസങ്ങളിലായി നടത്തിയ പരിശീലനത്തിൽ കില രജിസ്ട്രാർ സുമേഷ് കെ. ആർ. പരിശീലനാർത്ഥികളുമായി സംവദിച്ചു.

കില അസിസ്റ്റന്റ് ഡയറക്ടർ–പരിശീലനം ഡോ. അമൃത കെപിഎൻ പരിശീലനം വിലയിരുത്തി.

വിവിധ ജില്ലകളിൽ നിന്നായി നൂറിലധികം റിസോഴ്സ് പെഴ്സൺമാരായിരുന്ന പരിശീലനാർത്ഥികളായി കിലയിൽ എത്തിയത്.

## പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സ് ഫോർ എഫ്-വൈ 2022-23 ശിൽപ്പശാല

കിലയിൽ സംഘടിപ്പിച്ച പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സ് ഫോർ എഫ്–വൈ 2022–23 ശിൽപശാല ഉദ്ഘാടനം എൽഎസ്ജിഡി ഡയറക്ടർ ദിനേശൻ ചെറുവാട്ട് ഐഎഎസ് നിർവ്വഹിച്ചു.

2023–24 സാമ്പത്തിക വർഷത്തിലെ പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സ് 2.0 ദേശീയതലത്തിൽ കണക്കാക്കുന്നതിനായി കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇതോടൊപ്പം സംസ്ഥാന തല പ്രവർത്തനങ്ങളും സമയബന്ധിതമായി തുടങ്ങേണ്ടത് ആസ്പദമാക്കി, പഞ്ചായത്ത് ഡയറക്ടറേറ്റും കിലയും സംയുക്തമായാണ് വിവിധ ബാച്ചുകളിലായി പി എ ഐ 2.0, പി എ ഐ 1.0 സംബന്ധിച്ചുള്ള വിശദീകരണവും സാങ്കേതിക സെഷനുകളും ഉൾക്കൊള്ളുന്ന പരിശീലനം ആരംഭിച്ചത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ഉൾപ്പെടെയുള്ള വിവര ശേഖരണം, പോർട്ടലിലേക്കുള്ള അപ്ലോഡിങ്, ബ്ലോക്ക് തല സൂക്ഷ്മ പരിശോധന തുടങ്ങിയ നിർണായക ഘട്ടങ്ങളിലേക്ക് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക എന്നതാണ് പരിശീലന പരിപാടിയുടെ ഉദ്ദേശ്യം.

കില രജിസ്ട്രാർ സുമേഷ് കെ.ആർ, കില അസിസ്റ്റന്റ് ഡയറക്ടർ പരിശീലനം ഡോ. അമൃത കെപിഎൻ, തുടങ്ങിയവർ സംസാരിച്ചു.

തിരുവനന്തപുരം, കൊല്ലം, പത്തനം തിട്ട ജില്ലകളിൽ നിന്നുള്ള ഗ്രാമ–ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും, ജോയന്റ് ഡയറക്ടർമാരും, സെക്രട്ടറിമാരും ശിൽപശാലയിൽ സംബന്ധിച്ചു.

## ഭരണ ഘടന സാക്ഷരത പരിശീലന പരിപാടി ആരംഭിച്ചു



*ഭരണഘടനാ സാക്ഷരതാ പരിശീലനത്തിലേക്കുള്ള പരിശീലക പരിശീലനത്തിൽ നിന്ന്*

ഭരണഘടന@76"– ഭരണ ഘടന സാക്ഷരത പരിശീലന പരിപാടി ആരംഭിച്ചു.

കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കും എസ്.സി. പ്രമോട്ടർമാർക്കുമായി കില നടത്തുന്ന ഭരണഘടനാ സാക്ഷരതാ പരിശീലനത്തിലേക്കുള്ള പരിശീലക പരിശീലനം (ToT) കൊട്ടാരക്കര സി.എച്ച്.ആർ.ഡി.യിൽ ആരംഭിച്ചു.

## കില സി ജി ജി മണ്ണുത്തിയിൽ പേപ്പർ ബാഗ് നിർമ്മാണം ആരംഭിച്ചു




കില സി ജി ജി മണ്ണുത്തിയിൽ, 3 ദിവസത്തെ ഓഫ് ക്യാമ്പസ് പരിശീലനം പേപ്പർ ബാഗ് നിർമ്മാണം, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലുള്ള ബഡ്സ് സ്കൂളിൽ ആരംഭിച്ചു.

ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സിനി അനിൽകുമാർ പരിശീലനം ഉദ്ഘാടനം ചെയ്തു. സി ജി ജി പ്രിൻസിപ്പൽ അയന അധ്യക്ഷത വഹിച്ചു. കോഴ്സ് കോഡിനേറ്റർ റഷീദ്, അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

*അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലുള്ള ബഡ്സ് സ്കൂളിൽ നടന്ന പേപ്പർ ബാഗ് നിർമ്മാണ പരിശീലനത്തിൽ നിന്ന്.*

# 79- ാമത് സ്വാതന്ത്ര്യ ദിനം കില ആസ്ഥാനത്തും

79– ാമത് സ്വാതന്ത്ര്യ ദിനം കില ആസ്ഥാനത്തും സബ് സെന്ററുകളിലും വിവിധ പരിപാടികളോടെ ആഘോഷിച്ചു.

കില ആസ്ഥാനത്ത് നടന്ന സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ രജിസ്ട്രാർ കെ.ആർ. സുമേഷ് പതാക ഉയർത്തി. സ്വാതന്ത്ര്യ ദിന സന്ദേശവും നൽകി. കൊട്ടാരക്കര സിഎച്ച്ആർഡി സെന്ററിൽ ഡയറക്റ്റർ വി.സുദേശൻ പതാക ഉയർത്തുകയും സ്വാതന്ത്യദിന സന്ദേശം നൽകുകയും ചെയ്തു.

മണ്ണുത്തി സെന്റർ ഓഫ് ഗുഡ് ഗവേണൻസിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിൽ ജീവനക്കാരുടെയും പരിശീലനാർത്ഥികളുടെയും സാന്നിധ്യത്തിൽ പ്രിൻസിപ്പൽ അയന.പി.എൻ ദേശീയപതാക ഉയർത്തി. സിഇസ്ഇഡി കൊട്ടാരക്കരയിൽ പ്രിൻസിപ്പൽ അനു.കെ ദേശീയപതാക ഉയർത്തി.

# ഇരിങ്ങാലക്കുടയിൽ പഞ്ചായത്ത് കാലാവസ്ഥാ മോക്ക് പാർലമെന്റ് നടത്തി

കിലയുടെയും ബ്രിംഗ് ബാക്ക് ഗ്രീനിന്റെയും മേൽ നോട്ടത്തിൽ ഇരിങ്ങാലക്കുടയിൽ പഞ്ചായത്ത് കാലാവസ്ഥാ മോക്ക് പാർലമെന്റ് നടത്തി. ക്രൈസ്റ്റ് കോളേജിൽ നടന്ന പഞ്ചായത്ത് കാലാവസ്ഥാ പാർലമെന്റ് ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലേയും സെന്റ് ജോസഫ് കോളേജിലേയും തിരഞ്ഞെടുത്ത വൊളന്റിയേർസ് കഴിഞ്ഞ ഒരു വർഷമായി ഇരിങ്ങാലക്കുട മണ്ഡലത്തിലെ മുരിയാട്, പടിയൂർ, പൂമംഗലം, ഇരിങ്ങാലക്കുട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ കാലാവസ്ഥാ മാറ്റം ഉണ്ടാക്കിയ ആഘാതങ്ങളും അതിജീവന പദ്ധതികളെപ്പറ്റി പൊതു ജനങ്ങളുമായി സംവദിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പാർലമെന്റിൽ ബില്ലുകൾ അവതരിക്കപ്പെട്ടത്.

റിപ്പോർട്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഏറ്റുവാങ്ങി. കോളേജ് മാനേജർ ഫാദർ ജോയ് പീണിക്കാപറമ്പിൽ അധ്യക്ഷത വഹിച്ചു.

ക്രൈസ്റ്റ് കോളേജ് പ്രിൻസിപ്പൽ ഡോ.ജോളി ആൻഡ്രൂസ്, സെന്റ് ജോസഫ് വൈസ് പ്രിൻസിപ്പൾ സിസ്റ്റർ രജ്ജന, കില പ്രൊഫസർ ഡോ. മോനിഷ് ജോസ്, ഡോ. എസ് ശ്രീകുമാർ, ഡോ മാത്യു പോൾ ഊക്കൻ, അഖിലേഷ്, നിതിൻ കൃഷ്ണ എന്നിവർ സംസാരിച്ചു

# കാര്യശേഷി വികസന പരിപാടിയുടെ ഭാഗമായി ഏകദിന സംസ്ഥാന കൺവെൻഷൻ കിലയിൽ സംഘടിപ്പിച്ചു

കാര്യശേഷി വികസന പരിപാടിയുടെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ഏകദിന സംസ്ഥാന കൺവെൻഷൻ ആദ്യ ബാച്ച് ഉദ്ഘാടനം കില ഡയറക്ടർ ജനറൽ എ. നിസാമുദ്ദീൻ എ.ഐഎഎസ് നിർവ്വഹിച്ചു.

വനിതാ ജനപ്രതിനിധികൾക്കായാണ് 'ചാമ്പ്യനിംഗ് ചേഞ്ച്' എന്ന പേരിൽ ഏകദിന കൺവെൻഷൻ സംഘടിപ്പിച്ചത്. കോഴ്സ് ഡയറക്ടർ ഡോ. അമൃത കെ.പി.എൻ. അമൃത ആമുഖ അവതരണം നടത്തി.

ഡോ. വിനീത വിവരശേഖരണ റിപ്പോർട്ട് അവതരിപ്പിച്ചു. ജനപ്രതിനിധി പാനലിസ്റ്റുകളായ പൊഴുതന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനസ് റോഷ്ന സ്റ്റെഫി, കട്ടുതുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്മിത, ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ എന്നിവർ അനുഭവാവതരണം നടത്തി.

വിദഗ്ധ പാനലിസ്റ്റുകളായ മലയാളം സർവ്വകലാശാലയിലെ വികസന പഠന വിഭാഗം പ്രൊഫസർ ഡോ. എം.ജി.മല്ലിക, പ്രശസ്ത മാധ്യമ പ്രവർത്തകയും എഴുത്തുകാരിയുമായ കെ.എ.ബീന എന്നിവർ സാധ്യതകളേയും വെല്ലുവിളികളേയും കുറിച്ച് സംസാരിച്ചു. കോഴ്സ് കോഡിനേറ്റർ റിസ്റ്റിയ ആർ.ഐ.സ്വാഗതം പറഞ്ഞു.

# ലഹരി വിരുദ്ധ ദിനാചരണം : കിലയിൽ സത്യപ്രതിജ്ഞ ചൊല്ലി

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കില ആസ്ഥാനത്തും സബ് സെന്ററുകളിലും ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു.

കില ആസ്ഥാനത്ത് നട ലഹരി വിരുദ്ധ ദിനാചരണത്തിൽ കില ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ ദിവ്യ ഡൊമിനിക് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കില അസിസ്റ്റന്റ് ഡയറക്റ്റർ– പരിശീലനം ഡോ. അമൃത കെപിഎൻ, കില അസിസ്റ്റന്റ് ഡയറക്റ്റർ അഡ്മിനിസ്ട്രേഷൻ ഉണ്ണികൃഷ്ണൻ കെ.പി, കില ജീവനക്കാർ, പരിശീലനാർത്ഥികൾ തുടങ്ങിയവർ സംബന്ധിച്ചു.

കൊട്ടാരക്കര സിഎച്ച്ആർഡിയിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ പ്രതിജ്ഞാ ചടങ്ങിൽ സിഎച്ച്ആർഡി ഡയറക്റ്റർ സുദേശൻ. വി സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കില ഫാക്വൽറ്റിമാർ, ഉദ്യോഗസ്ഥർ, പരിശീലനാർത്ഥികൾ തുടങ്ങിയവർ സംബന്ധിച്ചു. തളിപ്പറമ്പിലെ കില സെന്ററിൽ നട ലഹരി വിരുദ്ധ ദിനാചരണത്തിൽ പ്രിൻസിപ്പൽ പി.എം. രാജീവ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കില ജീവനക്കാർ ഏറ്റുചൊല്ലി.

# Interpersonal Relationship എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള കാര്യശേഷി വികസന പരിശീലനം

കില ISO certified ആയതിന്റെ ഭാഗമായി കില HQ ജീവനക്കാർക്കുള്ള Interpersonal Relationship എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള കാര്യശേഷി വികസന പരിശീലനം ഗ്രാമസഭ ഹാളിൽ വെച്ച് നടന്നു.

കില റിസോഴ്സ് പേഴ്സൺ എച്ച്. കൃഷ്ണ കൈകാര്യം ചെയ്ത ക്ലാസ്സിൽ വ്യക്തിബന്ധങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും ഒരു ആരോഗ്യപരമായ വ്യക്തിബന്ധങ്ങൾ എങ്ങനെ കെട്ടിപ്പടുക്കണമെന്നും ക്ലാസിൽ ചർച്ച ചെയ്യുകയും ഇതോടനുബന്ധിച്ച് ജീവനക്കാർക്ക് ഇന്റർ ആക്റ്റീവ് സെക്ഷനും എഴുത്ത് പരീക്ഷയും നടത്തി.

ക്ലാസിനെ സംബന്ധിച്ച പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ ഗൂഗിൾ ഫോം വഴി ശേഖരിക്കുകയും ചെയ്തു. കില സീനിയർ പ്രോഗ്രാം കോർഡിനേറ്റർ എ. ഡി ദീപക് നന്ദി പറഞ്ഞു.

## പരിശീലക പരിശീലനത്തിന് അപേക്ഷിക്കാം

കില വിവിധ വിഷയമേഖലകളിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിന്റെ ഭാഗമായുള്ള പരിശീലക പരിശീലനങ്ങളിലേക്ക് റിസോഴ്സ് പേഴ്സൺമാരെ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്

# എൽജിബിറ്റിക്യുഐഎ+ സൗഹൃദ തദ്ദേശ ഭരണം



*എൽജിബിറ്റിക്യുഐഎ+ സൗഹൃദ തദ്ദേശ ഭരണം എന്ന വിഷയത്തിൽ കില ഹെഡ്ക്വാർട്ടേഴ്സിൽ ത്രിദിന പരിശീലനത്തിൽ നിന്ന്.*

എൽജിബിറ്റിക്യുഐഎ+ സൗഹൃദ തദ്ദേശ ഭരണം എന്ന വിഷയത്തിൽ കില ഹെഡ്ക്വാർട്ടേഴ്സിൽ ത്രിദിന പരിശീലനം സംഘടിപ്പിച്ചു.

ട്രാൻസ് ജെൻഡർ ഉൾപ്പെടെയുള്ള എൽജിബിറ്റിക്യുഐ വ്യക്തികളുടെ സുരക്ഷ, എൽജിബിറ്റിക്യുഐഎ+ വിഭാഗങ്ങൾ ഉൾച്ചേർന്ന വികസനം എന്നിങ്ങനെയുള്ള ആശയം ഉൾപ്പെടുത്തിയാണ് പരിശീലനം നൽകിയത്.

കില രജിസ്ട്രാർ സുമേഷ് കെ.ആർ. പരിശീലനം ഉദ്ഘാടനം ചെയ്തു. കില ഫാക്വൽറ്റി ഡോ.വിനീത.എം. പരിശീലന ആമുഖമായി സംസാരിച്ചു. ജെൻഡർ വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സെക്സ് –ജെൻഡർ അടിസ്ഥാന വിഷയങ്ങൾ, തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു.

# 'village with good Governance'




*കില സി ജി ജി മണ്ണുത്തിയിലെ എൽ. എസ്. ജി. ഐ. ഉദ്യോഗസ്ഥർക്കായി നടന്ന പരിശീലനത്തിൽ നിന്ന്.*

കില സി ജി ജി മണ്ണുത്തിയിൽ, 'village with good Governance' എന്ന വിഷയത്തിൽ എൽ. എസ്. ജി. ഐ. ഉദ്യോഗസ്ഥർക്കായി രണ്ടു ദിവസത്തെ പരിശീലനം ആരംഭിച്ചു.

പരിശീലന ഉദ്ഘാടനം പ്രിൻസിപ്പാൾ ശ്രീമതി. അയന PN നിർവഹിച്ചു. പരിശീലനത്തിൻ്റെ കോഓർഡിനേറ്റർ ഡോക്ടർ കവിത രാജ് സ്വാഗതം പറഞ്ഞു.

## സ്ഥാനക്കയറ്റം ലഭിച്ച അക്കൗണ്ടന്റുമാർക്ക് K-SMART പരിശീലനം നൽകി



*പരിശീലനത്തിന്റെ ആമുഖ അവതരണം കില രജിസ്ട്രാർ ശ്രീ. സുമേഷ് സാർ നിർവ്വഹിക്കുന്നു.*

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പുതുതായി സ്ഥാനക്കയറ്റം ലഭിച്ച അക്കൗണ്ടന്റുമാർക്ക് K-SMART – ആപ്ലിക്കേഷനിലെ ഫിനാൻസ്, ഫയൽ എന്നീ മൊഡ്യൂളിൽ 5 ദിവസത്തെ റെസിഡൻഷ്യൽ പരിശീലനത്തിന്റെ മൂന്നാം ബാച്ച് തൃശ്ശൂർ കിലയിൽ ഇന്നുമുതൽ ആരംഭിച്ചു, പരിശീലനത്തിന്റെ ആമുഖ അവതരണം കില രജിസ്ട്രാർ ശ്രീ. സുമേഷ് സാർ നിർവ്വഹിച്ചു.

# അഗളി കേന്ദ്രത്തിൽ വാട്ടർ ആന്റ് സോയിൽ അനാലിസിസ് ശിൽപ്പശാല

കിലയുടെ അഗളിയിലെ കേന്ദ്രത്തിൽ നാലു ദിവസത്തെ വാട്ടർ ആന്റ് സോയിൽ അനാലിസിസ് ശിൽപ്പശാല നടത്തി.

കൃഷി,നിർമ്മാണം,പരിസ്ഥിതി പഠനം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്ക് മണ്ണിന്റെ ഭൗതിക, രാസ, ജൈവ ഗുണങ്ങൾ പരിശോധിക്കുന്നതിനുള്ള സോയിൽ അനാലിസ് പ്രയോജനകരമാണ്.

മണൽ, സിൽറ്റ്, ക്ലേ അനുപാതം ഘടന, സാന്ദ്രത, ജലധാര ശേഷി, രാസ ഗുണങ്ങൾ, പിഎച്ച്, വൈദ്യുത ചാലകത, കാർബൺ അളവ്, പ്രധാന പോഷകങ്ങൾ, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്, അനുബന്ധ പോഷകങ്ങൾ മുതലായവയും, ജൈവ ഗുണങ്ങൾ, സൂക്ഷ്മജീവികളുടെ സാന്നിധ്യം, ഗുണകരമായ



*അഗളി കേന്ദ്രത്തിലെ വാട്ടർ ആൻഡ് സോയിൽ അനാലിസിസ് ശിൽപ്പശാലയിൽ നടന്ന ലാബ് ടെസ്റ്റിൽ നിന്ന്*

ജീവികളുടെ പങ്ക്, ഇതിലൂടെ മനസിലാക്കാൻ സാധിക്കുന്നതിനാണ് സോയിൽ അനാലിസിസ് നടത്തുന്നത്.

ജലത്തിന്റെ ഗുണനിലവാരവും ഉപയോഗയോഗ്യതയും പരിശോധിക്കുതാണ് ജല പരിശോധന. കുടിവെള്ളത്തിനും, കൃഷിക്കും, വ്യാവസായിക ആവശ്യങ്ങൾക്കും ഇത് ആവശ്യമാണ്. വളം ശുപാർശ, വിളയ്ക്ക് അനുയോജ്യത, ഭൂമി മാനേജ്മെന്റ്, ജല പരിശോധന, കുടിവെള്ള സുരക്ഷ, കൃഷിക്ക് അനുയോജ്യത, മലിനീകരണ നിരീക്ഷണം മുതലായവയാണ് വർക്ക്ഷോപ്പിൽ പ്രതിപാദിച്ചത്.

## വി ഇ ഒ ഇൻ സർവീസ് പരിശീലനം വിജയകരമായി പൂർത്തീകരിച്ച് പന്ത്രണ്ടാം ബാച്ച്



*കില സി ജി ജി മണ്ണുത്തിയിൽ, വി ഇ ഒ ഇൻ സർവീസ് പരിശീലനം വിജയകരമായി പൂർത്തീകരിച്ച പന്ത്രണ്ടാം ബാച്ചിലെ VEO മാർക്ക് പ്രിൻസിപ്പൽ ശ്രീമതി അയനാ മാഡം സർട്ടിഫിക്കറ്റുകൾ നൽകുന്നു.*

# ഹരിത കർമ്മ സേനാംഗങ്ങൾക്ക് കുട നിർമ്മാണ പരിശീലനം നൽകി



*ഹരിത കർമ്മ സേനാംഗങ്ങൾക്കുള്ള കുട നിർമ്മാണ പരിശീലനത്തിൽ നിന്ന്.*

കില സി ജി ജി മണ്ണുത്തി, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഹാളിൽ ഹരിത കർമ്മ സേനാംഗങ്ങൾക്കായി കുട നിർമ്മാണത്തിൽ മൂന്നു ദിവസത്തെ പരിശീലനം ഇന്ന് ആരംഭിച്ചു.

പരിശീലന പരിപാടി പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. കലാപ്രിയ സുരേഷ് ഉദ്ഘാടനം ചെയ്തു.

സിജിജി പ്രിൻസിപ്പൽ ശ്രീമതി അയന മാഡം,കോഴ്സ് കോഡിനേറ്റർ ശ്രീ റഷീദ് സാർ, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

**"ഒരു പഞ്ചായത്തിനു ഒരു ആശയം"**

# ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ രൂപീകരണ ധാരണാപത്രം വെച്ച് ഒപ്പുവെച്ചു

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (KILA) കേരള ഡെവലപ്മെന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) ചേർന്ന് നടപ്പാക്കുന്ന "ഒരു പഞ്ചായത്തിനു ഒരു ആശയം" (One Local Government One Idea) പദ്ധതിയുടെ ഭാഗമായ ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ (Block Innovation Cluster) രൂപീകരണവുമായി ബന്ധപ്പെട്ട ധാരണാപത്രം (MoU) ഇന്ന് ടികെഎം എൻജിനീയറിംഗ് കോളേജിൽ (TKM College of Engineering) വെച്ച് ഒപ്പുവെച്ചു.

ധാരണാപത്രം മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധിയായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റോസി. സിയും, ടികെഎം എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. സാദിഖ് എയും ഒപ്പുവെച്ചു. MoU ഒപ്പിടൽ ചടങ്ങിൽ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ് യശോദ ബി, വൈസ് പ്രസിഡന്റ് ഹുസൈൻ, വൈസ് പ്രിൻസിപ്പൽ (TKMCE), കൃഷി വകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടർ മുഖത്തല ADA), ഇൻഡസ്ട്രി എക്സ്റ്റൻഷൻ ഓഫീസർ (IEO), സിവിൽ എൻജിനീയറിംഗ് വിഭാഗം മേധാവി ഡോ. ആദർശ്, ഡോ. ഫാസിൽ എ ഡോ.അൽത്താഫ് സംഗീത് കില ജില്ലാ പ്രോജക്ട് കോഓർഡിനേറ്റർ (OLOI) റെജില പിഎം എന്നിവർ പങ്കെടുത്തു.

ധാരണാപത്രത്തിന്റെ ലക്ഷ്യം, പ്രദേശിക വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശാസ്ത്രീയമായ പഠനങ്ങളുടെയും സാങ്കേതിക ഇടപെടലുകളുടെയും അടിസ്ഥാനത്തിൽ പരിഹരിക്കുകയാണ്.

# തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള പരിശീലനം: മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാല

തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള പരിശീലനത്തിന് മുന്നോടിയായി സംഘടിപ്പിച്ച മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാല തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്തു.

വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയെ പറ്റിയും എന്തുകൊണ്ടാണ് കേരളം ഈ മേഖലയിൽ ഒരു മാതൃക ആയത് എന്നതിനെപ്പറ്റിയും വിശദീകരിക്കേണ്ടതുണ്ട്, മറ്റുള്ള വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നത് ഈ വകുപ്പിന്റെ ഉദ്ദേശം ഭരിക്കുക എന്നുള്ളതല്ല പകരം ഭരണത്തിന് വേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്യുക എന്നതാണെന്നും തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ സംസാരിക്കവെ മന്ത്രി പറഞ്ഞു.

കേരളത്തിലെ ഉദ്യോഗസ്ഥ വർഗ്ഗവും രാഷ്ട്രീയ പ്രവർത്തകരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംരണ സ്ഥാപനങ്ങളിലെ സെക്രട്ടറി ഭരണസമിതി തീരുമാനിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുകയും അവ സംസ്ഥാന സർക്കാരുകളുടെ നയവുമായി യോജിക്കുന്നു എന്ന് ഉറപ്പാക്കുകയുമാണ് ചെയ്യുന്നത്. വരാൻ പോകുന്ന സെക്രട്ടറിമാർക്കുള്ള ട്രെയിനിങ് ഒരു അവസരം ആയിട്ടാണ് കാണേണ്ടതെന്നും മന്ത്രി ചൂണ്ടിക്കാട്ടി. പുതിയതായി നിയമിക്കപ്പെടുന്ന സെക്രട്ടറിമാർക്ക് നൽകുന്ന മൂന്നുമാസത്തെ പരിശീലനത്തോടനുബന്ധിച്ചാണ് കിലയുടെ ആഭിമുഖ്യത്തിൽ ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചത്.

തദ്ദേശ സ്വയംഭരണ വകുപ്പ്-സ്പെഷ്യൽ സെക്രട്ടറി ടി.വി.അനുപമ ഐഎഎസ്, പ്രിൻസിപ്പൽ ഡയറക്റ്റർ ജെറോമിക് ജോർജ്ജ് ഐഎഎസ്, ഏഴാം ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ. കെ.എൻ.ഹരിലാൽ, നവകേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്റ്റർ ഡോ.ടി.എൻ. സീമ, ഐകെഎം ചീഫ് മിഷൻ ഡയറക്റ്റർ ഡോ.സന്തോഷ് ബാബു ഐഎഎസ്, മുൻ ചീഫ് സെക്രട്ടറിമാരായ എസ്. എം. വിജയാനന്ദ് ഐഎഎസ്(റിട്ട.), ശാരദാമുരളീധരൻ ഐഎഎസ്(റിട്ട.) തുടങ്ങിയവർ ആമുഖമായി സംസാരിച്ചു.

ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ.ജിജു. പി.അലക്സ് അദ്ധ്യക്ഷനായിരുന്നു. കില ഡയറക്റ്റർ ജനറൽ എ.നിസാമുദ്ദീൻ ഐഎഎസ് സ്വാഗതം പറഞ്ഞു. കില രജിസ്ട്രാർ കെ.ആർ. സുമേഷ് നന്ദിയും അറിയിച്ചു. സമാപന സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ.അദീല അബ്ദുള്ള ഐഎഎസ് മുഖ്യാതിഥിയായി. വിവിധ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഓണാഘോഷം



# കില ആർക്കൈവ്













KILA News Letter Published by A Nissamudheen IAS, Director Genaral, Kerala Institute of Local Administration
Mulamkunnathukavu (P. O), Trissure- 680 581 (For Private Circulation)